വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രിയുടെ അസംബ്ലി മന്ദിരത്തിലെ ചേംബറിൽ 20.03.2012 –ന് രാവിലെ 8 മുതൽ 10 മണി വരെ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–

1 29.02.2012–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2 **പൊതു വിഷയങ്ങൾ**

2.1 ഗ്രാമപഞ്ചായത്തുകൾ 47%വും ബ്ലോക്ക് പഞ്ചായത്തുകൾ 34%വും ജില്ലാ പഞ്ചായത്തുകൾ 56%വും പദ്ധതി വിഹിതം ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ചെലവു വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടില്ല.

3 **പ്രത്യേക വിഷയങ്ങൾ**

3.1 **(തൃപ്പങ്ങോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.8699/ഡി.എ2/12/തസ്വഭവ)തീയതി 20.03.2012**

രോഗികളായ ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിൽ ഉള്ളവർക്ക് മരുന്നു നൽകുന്ന പദ്ധതിയുടെ മാനദണ്ഡത്തിൽ ഉൾപ്പെടുന്ന ബി.പി.എൽ ലിസ്റ്റിൽപ്പെടാത്തവർക്കു കൂടി മരുന്ന് നൽകുന്നതിന് അനുവാദത്തിനുള്ള അപേക്ഷ നിരസിച്ചു. പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും ഗവൺമെന്റ് ആശുപത്രി വഴി മരുന്നു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.2 **സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (ഫയൽ നം.71858/ഡി.എ.1/11/തസ്വഭവ) തീയതി 20.03.2012**

അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഏറ്റെടുത്ത പദ്ധതികൾക്ക് 5 കോടി രൂപയും അതിൽ കൂടുതലുമുള്ള പ്രവൃത്തികൾക്ക് 5% വും 3 മുതൽ 5 കോടി വരെയുള്ള പ്രവൃത്തികൾക്ക് 6% വും 50 ലക്ഷം മുതൽ 3 കോടി വരെയുള്ള പ്രവർത്തികൾക്ക് 7% വും 50 ലക്ഷത്തിന് താഴെയുള്ള പ്രവൃത്തികൾക്ക് 8%വും മാനേജ്മെന്റ് ചാർജ്ജ് കൂടി നൽകാവുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.3 **ദേവികുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 11954/ഡി.എ.2/12തസ്വഭവ) തീയതി 20.03.2012**

പട്ടികജാതിയിൽപ്പെട്ട വികലാംഗർക്ക് പെട്ടിക്കട നൽകുന്നതിന് 30,000/– രൂപ സബ്സിഡി അനുവദിക്കണമെന്ന പ്രെപ്പോസൽ പരിശോധിച്ച് ജനറൽ വിഭാഗത്തിലും എസ്.സി.പി. വിഭാഗത്തിലും ഉള്ള വികലാംഗരായിട്ടുള്ളവർക്ക് പെട്ടിക്കട നൽകുന്നതിന് പരമാവധി 25,000/– രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണെന്ന് പൊതുവായി ഉത്തരവ് നൽകുന്നതിന് തീരുമാനിക്കുന്നു.

പെട്ടിക്കട റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കാൻ പാടുള്ളതല്ല എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.4 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 3286/ഡി.ബി3/12തസ്വഭവ) തീയതി 20.03.2012

ജില്ലാ വെറ്ററിനറി സെന്റർ മുഖേന നടപ്പാക്കുന്ന സഞ്ചരിക്കുന്ന ലബോറട്ടറിയും മൃഗാശുപത്രിയും എന്ന പദ്ധതിയിൽ വെറ്ററിനറി ആംബുലൻസ് തയ്യാറാക്കുന്നതിനുള്ള 11,64,000/- രൂപയുടെ പ്രോജക്ടിന് അനുമതി നൽകുന്നു. നിലവിലുള്ള ഡ്രൈവർ തസ്തിക ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.5 ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 10813/എഫ്.എം.1/12തസ്വഭവ)

തീയതി 20.03.2012

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട 9 പഞ്ചായത്തുകളിലെ അംഗനവാടികൾക്ക് കളിക്കോപ്പു വിതരണം, എൽ.പി.ജി. കണക്ഷൻ, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് ഈ വർഷത്തേയ്ക്ക് മാത്രം അനുമതി നൽകുന്നു.

അതതു പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന പദ്ധതികൾ മാത്രം തെരഞ്ഞെടുക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.6 മേലൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 6056/എഫ്.എം.2/12തസ്വഭവ) തീയതി 20.03.2012

കൺസ്യൂമർ ഫെഡിന് ത്രിവേണി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനായി ആദ്യ രണ്ടു വർഷത്തേയ്ക്ക് തനതുഫണ്ടിൽ നിന്നും വാടക നൽകി 2 കട മുറി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച് പൊതു ഉത്തരവ് നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.7 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 10886/ഡി.എ.2/12തസ്വഭവ)

തീയതി 20.03.2012

ആദിവാസി ഊരുകളിലെ നടപ്പാത പുനരുദ്ധാരണം/നിർമ്മാണം പണി 2 മീറ്റർ വരെ വീതിയിൽ ആകാം എന്ന് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.8 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.57005 /ഡി.ഡി2/11/തസ്വഭവ)

തീയതി 20.03.2012

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട 68 എൽ.പി/യു.പി സ്ക്കൂളികളിലെ കുട്ടികൾക്ക് എസ്.ജി. എസ്.വൈ പ്രോജക്ടായ സുഭിക്ഷയുടെ സോപ്പ് വിതരണം ചെയ്യുന്നതിന് തുക ചെലവാക്കിയതിന് അംഗീകാരം നൽകുന്നു.

അടുത്ത വർഷം മുതൽ ഇത്തരം പദ്ധതി (ഹാൻഡ് വാഷ് പ്രോത്സാഹിപ്പിക്കുന്ന) കൾക്ക് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണെന്ന പൊതു ഉത്തരവ് നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.9 കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് (ഫയൽ നം. 4705/എഫ്.എം.1/12/തസ്വഭവ) തീയതി 20.03.2012

ഫെഡറേഷന്റെ കോഴിക്കോട്, മലപ്പുറം, എറണാകുളം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നിവിടങ്ങളിലെ സ്ഥാപന സ്ഥല സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾക്ക് ഉപയോഗിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.10 മടിക്കൈ ഗ്രാമപഞ്ചായത്ത് പട്ടികജാതിക്കാർക്കുള്ള മഴവെള്ള സംഭരണി സബ്സിഡി (ഫയൽ നം. 6421/ഡി.എ.1/12/തസ്വഭവ) തീയതി 20.03.2012

മഴവെള്ള സംഭരണ പദ്ധതി നടപ്പാക്കുന്നതിന് സബ്സിഡി മാനദണ്ഡം പാലിക്കാതെ അംഗീകാരം നൽകിയ വിദഗ്ദ്ധ സമിതിയുടെയും പഞ്ചായത്തു സമിതിയുടെയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.11 കരുവാറ്റ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 9744/ഐ.പി.2/12/തസ്വഭവ) തീയതി 20.03.2012

ഗ്രാമസഭാ അംഗങ്ങൾക്കുള്ള പരിശീലന പരിപാടി അവസാനിച്ച സാഹചര്യത്തിൽ ചെലവിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള 2000/- രൂപ എന്നത് വർദ്ധിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.12 മലപ്പുറം ജില്ല സ്പോർട്സ് കൗൺസിൽ

(ഫയൽ നം. 70710/എഫ്.എം.2/11/തസ്വഭവ) തീയതി 20.03.2012

മഞ്ചേരി സ്പോർട് കോംപ്ലക്സ് & ഫുട്ബാൾ അക്കാഡമി സ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക സമാഹരിക്കണമെന്ന പ്രൊപ്പോസൽ നിരസിച്ചു.

ലോട്ടറി വകുപ്പുമായി ബന്ധപ്പെട്ട ഒരു ലോട്ടറിയുടെ ആദായം ലഭ്യമാക്കുന്ന സാദ്ധ്യത ആരായാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.13 പയ്യന്നൂർ നഗരസഭ (ഫയൽ നം. 13575/ഡി.ബി.3/12/തസ്വഭവ) തീയതി 20.03.2012

ജൈവ ഗ്രാമം സ്ഥാപിക്കുന്നതു സംബന്ധിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ഒന്നും ലഭ്യമാക്കാത്തതിനാൽ മാറ്റി വച്ചു. വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.14 തൃശൂർ ജില്ലാ പഞ്ചായത്ത് - ചാനലിന്റെ പുരോഗമനപണി

(ഫയൽ നം. 73819/ഡി.ബി.1/12/തസ്വഭവ തീയതി 20.03.2012

ജില്ലാ പഞ്ചായത്ത് 2008-09-ൽ ഏറ്റെടുത്ത എൽ.ഐ സ്കീമിലെ ലീഡിംഗ് ചാനലിന്റെ പണി സംബന്ധിച്ച പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.15 കണ്ണൂർ നഗരസഭ (ഫയൽ നം. 49712/ഡി.ബി3/11/തസ്വഭവ) തീയതി 20.03.2012

നഗരസഭകൾക്ക് ഔദ്യോഗിക വാഹനം വാങ്ങുന്ന സംബന്ധിച്ച് പൊതു മാനദണ്ഡം രണ്ടു ദിവസത്തിനകം തയ്യാറാക്കി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.16 പെരുമാട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3897/ഡി.ബി3/12തസ്വഭവ) തീയതി 20.03.2012

ആംബുലൻസ് ഡി.പി.സി. അംഗീകാരത്തോടെ വാങ്ങാവുന്നതാണ്. പദ്ധതി നടപ്പാക്കുന്നതോടെ സോഷ്യൽ സെക്യൂരിറ്റി നെറ്റ് വർക്കുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.17 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 74065/എഫ്.എം.1/12തസ്വഭവ) തീയതി 20.03.2012

വിദ്യാഭ്യാസ പദ്ധതികൾക്ക് മുൻകൂറായി തുക മാറി നൽകുന്നതിന് അനുമതി നൽകേണ്ടതില്ല.

അടുത്ത വർഷം മുതൽ ഒരു പ്രത്യേക തുക ഇംപ്രസ്റ്റായി കരുതുന്നതിന് അനുമതി നൽകാവുന്നതാണ്.

ഇപ്പോൾ മുൻകൂറായി തുക മാറി നൽകാവുന്ന ഇനങ്ങളിൽ വാഹനം വാങ്ങുന്നതിനുള്ള മുഴുവൻ തുകയും മുൻകൂറായി നൽകുന്നതിന് കൂടി അനുമതി നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.18 കൊല്ലം നഗരസഭ (ഫയൽ നം. 48954/ആർ.സി/10/തസ്വഭവ) തീയതി 20.03.2012

ചിന്നക്കടയിൽ നഗരസഭ ഏറ്റെടുത്ത അടിപ്പാത നിർമ്മാണ പദ്ധതിക്കാവശ്യമായ തുക റെയിൽവേയ്ക്ക് നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.19 കൊടകര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 14199/ഡി.എ.2 /10/തസ്വഭവ) തീയതി 20.03.2012

2008-09 വർഷം ആരംഭിച്ച് 2010-11-ൽ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള തുക കൊടുക്കുകയും ചെയ്ത പ്രവൃത്തികൾക്ക് 15% അധിക തുക നൽകുന്നതിന് സമർപ്പിച്ചിട്ടുള്ള പദ്ധതി നിരാകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.20 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 2341/ഡി.എ.3 /12/തസ്വഭവ) തീയതി 20.03.2012

1) കാർഷിക വിജ്ഞാപന പ്രഖ്യാപനം എന്ന പദ്ധതി അംഗീകരിക്കുന്നില്ല.

2) ഹരിത നഗരം - ടെറസ്സിൽ പച്ചക്കറി കൃഷി അനുവാദം നൽകുന്നു. ഹോൾട്ടികൾച്ചർ മിഷന്റെ മാതൃകയിൽ നടപ്പാക്കുകയും വ്യക്തമായ രേഖകൾ പരിശോധനയ്ക്കായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

3) കറവപശു സബ്സിഡി - ഡിപ്പാർട്ട്മെന്റൽ പദ്ധതി അനുസരിച്ച് നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.21 തൃക്കരുവ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 11853/എഫ്.എം.2 /12/തസ്വഭവ)

തീയതി 20.03.2012

നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മിച്ച അംഗനവാടി കെട്ടിടത്തിന്റെ വാല്യുവേഷൻ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ നിശ്ചയിച്ച് നൽകുന്നത് അനുസരിച്ച് തുക നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.22 അഞ്ചൽ ഗ്രാമ പഞ്ചായത്ത് KL -25 A-3260 ജീപ്പിന് A/Cഏർപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽ നം.. 69246/ഡി.ബി.3/11/തസ്വഭവ) തീയതി 20.03.2012

പഞ്ചായത്തിന്റെ ജീപ്പ് എയർ കണ്ടീഷൻ ചെയ്യുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.23 മട്ടന്നൂർ നഗരസഭ – വനിത റിസോഴ്സ് സെന്റർ കോഓർഡിനേറ്റർക്ക് ഹോണറേറിയം (ഫയൽ നം. 66618/ഡി.എ3/11/തസ്വഭവ) തീയതി 20.03.2012

വനിതാ റിസോഴ്സ് സെന്റർ കോ–ഓർഡിനേറ്റർക്ക് ഹോണറേറിയം നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞത് ലഭ്യമാകാത്ത സാഹചര്യത്തിൽ 5 ദിവസത്തിനകം അവ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം പ്രൊപ്പോസൽ നിരസിക്കുന്നതാണെന്നും നഗരസഭക്ക് അറിയിപ്പു നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.24 അഴിയൂർ ഗ്രാമ പഞ്ചായത്ത് – മെയിന്റനൻസ് ഗ്രാന്റ് – വിനിയോഗം (ഫയൽ നം. 12679/എഫ്.എം.1/12/തസ്വഭവ) തീയതി 20.03.2012

പഞ്ചായത്ത് ഓഫീസിൽ 'യൂ' ടേബിൾ വാങ്ങുക, പാർട്ടീഷ്യൻ റൂം തയ്യാറാക്കുക എന്നീ പദ്ധതികൾക്ക് ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.25 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 4458/ഡി.ബി.3/12/തസ്വഭവ) തീയതി 20.03.2012

ജില്ലയിലെ 25 ഗ്രാമപഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്ന പദ്ധതി ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ലാത്ത സാഹചര്യത്തിൽ നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.26 ശുചിത്വ മിഷൻ, കേരള (ഫയൽ നം. 13152/എം.സി.1/12/തസ്വഭവ) തീയതി 20.03.2012

ജൈവവളം ഉത്പാദിപ്പിക്കുന്ന പദ്ധതി ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം ചെലവാക്കാൻ കഴിയാത്ത ഫണ്ട് മാലിന്യ സംസ്ക്കരണ പദ്ധതികൾ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ശുചിത്വ മിഷനുമായി സഹകരിച്ച് നടപ്പാക്കുന്നതിന് ചെലവഴിക്കാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.27 കണ്ണൂർ നഗരസഭ – എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് (ഫയൽ നം. 13365/എം.സി.1/12/തസ്വഭവ) തീയതി 20.03.2012

എസ്.സി. ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച പ്രവൃത്തിയുടേയും എസ്റ്റിമേറ്റിന്റെയും പദ്ധതിയുടെയും ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.28 പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് – മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന സെൽ (ഫയൽ നം. 12223/ഡി.എ1/12/തസ്വഭവ) തീയതി 20.03.2012

സീഡ് എന്ന സംഘടനയ്ക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന് ലഭ്യമാക്കേണ്ട തുക നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.29 കൊടകര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 14202/ഡി.എ2/12/തസ്വഭവ) തീയതി 20.03.2012

ഗുണഭോക്തൃ സമിതി കൺവീനർ മരിച്ചുപോയ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടും ചെലവു തുക നൽകാൻ സാധിക്കാത്തത് നിയമ നടപടിക്രമം പൂർത്തിയാക്കി നൽകാവുന്നതിന് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.30 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.. 13583/ഡി.ഡി.1/12/തസ്വഭവ) തീയതി 20.03.2012

ഐ.എ.വൈ പദ്ധതിയിൽ 45 പേർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി നെന്മാറ ഡി.എഫ്. ഒ യെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

വനപരിപാലന കമ്മിറ്റിയുടെ സഹായം ഈ പദ്ധതി നിർവഹണത്തിന് ലഭ്യമാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.31 ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർക്ക് വാഹനം – സ്പഷ്ടീകരണം സംബന്ധിച്ച് (ഫയൽ നം.. 12582/ഡി.ബി3.1/12/തസ്വഭവ) തീയതി 20.03.2012

സർക്കാരിന്റെ മുൻ തീരുമാനപ്രകാരം അധികമായി അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എന്ന ബോർഡ് മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഉത്തരവ് അനുസരിച്ച് സ്ഥാപിക്കാവുന്നതാണ്.

സർക്കാർ അനുവദിക്കുന്ന ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച നിയന്ത്രണങ്ങൾ ബാധകമായിരിക്കുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.32 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.. 13556/ഡി.ഡി.2/12/തസ്വഭവ) തീയതി 20.03.2012

സുനാമി ബാധിത കോളനി പ്രദേശങ്ങളിലെ ടോയ്‌ലറ്റ് നിർമ്മാണത്തിന് കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് മാത്രമേ സാധിക്കുകയുള്ളൂ എന്നതിനാൽ യൂണിറ്റ് കോസ്റ്റ് 19,600/– രൂപയായി നിശ്ചയിച്ചിട്ടുള്ളതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.33 ആലപ്പുഴ ജില്ലാപഞ്ചായത്ത് (ഫയൽ നം.. 14598/ഡി.ബി.1/12/തസ്വഭവ) തീയതി 20.03.2012

ഭവന നിർമ്മാണത്തിനുള്ള ധനസഹായ സബ്സിഡി ജനറൽ, പട്ടികജാതി, പട്ടിക വിഭാഗങ്ങൾക്ക് ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിരക്ക് ഉത്തരവിലെ പ്രാബല്യ തീയതി മുതൽ ആശ്രയ അഗതി ഗുണഭോക്താക്കൾക്കും ബാധകമാക്കി പൊതു ഉത്തരവ് നൽകുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.34 കൊടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം. 9936/ഡി.ഡി.2/12/തസ്വഭവ)

തീയതി 20.03.2012

ഏഴു ഗ്രാമപഞ്ചായത്തുകളിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള ക്ഷേമ പ്രവർത്തന പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.35 ഊരകം ഗ്രാമപഞ്ചായത്ത് (ഫയൽ നം.12160 /ഡി.ബി1/12/തസ്വഭവ) തീയതി 20.03.2012

പഞ്ചായത്തിന്റെ S.71/12പദ്ധതിയിൽ നിർണ്ണയിച്ചിട്ടുള്ള ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് നിലവിലുള്ള സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.36 ലോക്കൽ ഫണ്ട് ആഡിറ്റ് കുടിശ്ശിക (ഫയൽ നം.71161/എഫ്.എം.1/07/തസ്വഭവ)

തീയതി 20.03.2012

ഓഡിറ്റ് ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് വീണ്ടും മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.37 ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 14609/ഡി.ഡി.2/12 /തസ്വഭവ)

തീയതി 20.03.2012

കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായുള്ള ഈ വർഷത്തെ പദ്ധതിക്ക് തുക ഒടുക്കുന്നതിന് മേഖലാ വ്യത്യാസം ഒഴിവാക്കുന്നതിന് അനുമതി നൽകേണ്ടതില്ല. രണ്ടു വർഷ തുടർ പദ്ധതിയായി അടുത്ത വർഷം പൂർത്തികരിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.38 വാട്ടർ അതോറിട്ടി (മുത്തോലി, അയർക്കുന്നം, കൊഴുവനാൽ കുടിവെള്ള പദ്ധതി (ഫയൽ നം. 14366/ /എഫ്. എം.2/12 /തസ്വഭവ) തീയതി 20.03.2012

കുടിവെള്ള പദ്ധതിയിൽ 75 സെന്റ് സ്ഥലം അക്വയർ ചെയ്ത വകയിൽ നൽകാനുള്ള തുക മുത്തോലി, അയർക്കുന്നം, കൊഴുവനാൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.39 വയനാട് ജില്ലാ പഞ്ചായത്ത് ഔഷധിയിൽ നിന്നും മരുന്ന് വാങ്ങി നൽകുന്നത് (ഫയൽ നം.56097/ ഡി.ബി.1/11 /തസ്വഭവ) തീയതി 20.03.2012

ഗർഭിണികളായ സ്ത്രീകൾക്ക് മരുന്ന് വിതരണം ചെയ്യുക തുടങ്ങിയ പദ്ധതി സർക്കാർ ആശുപത്രികളിൽ മതിയായ മരുന്ന് ലഭ്യമാക്കി നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് പ്രത്യേക അനുമതി നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.40 മുതലമട ഗ്രാമപഞ്ചായത്ത്–ഇ.എം.എസ്.ഭവനപദ്ധതി (ഫയൽ നം.15513/ ഡി.ബി.1/12/തസ്വഭവ) തീയതി 20.03.2012

ഭവന നിർമ്മാണം സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച പ്രാബല്യ തീയതി 15.09.11–ൽ നിന്നും 01.04.11 ആയി മാറ്റണമെന്ന അപേക്ഷ നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.41 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഗ്രന്ഥശാല –ബാല പുസ്തക കോർണർ (ഫയൽ നം.3846/ഡി.എ2/12/തസ്വഭവ) തീയതി 20.03.2012

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.42 കുമരകം ഗ്രാമപഞ്ചായത്ത്– മഴവെള്ള സംഭരണി (ഫയൽ നം.15643/ഡി.എ2/12/തസ്വഭവ) തീയതി 20.03.2012

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മഴവെള്ളം സംഭരണിക്കായി സ്ഥലത്തെ പ്രത്യേകത കണക്കാക്കി സിന്റക്സ് ടാങ്ക് അനുവദിക്കണമെന്ന പ്രോജക്ടിലെ നിർദ്ദേശം പരിഗണിച്ച് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.43 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് (ഫയൽ നം.10872/ഡി.ബി.3/09/തസ്വഭവ) തീയതി 20.03.2012

ഔദ്യോഗിക വാഹന ഉപയോഗം കൂടുതൽ പരിശോധനക്കായി മാറ്റി വയ്ച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.44 ചമ്പക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം.6458/ഡി.എ2/2012/തസ്വഭവ) തീയതി 20.03.2012

വൃദ്ധർക്ക് കണ്ണട നൽകുന്നതിന് വികസനഫണ്ട് ഉപയോഗിക്കുന്ന പദ്ധതിക്ക് അനുമതി നിഷേധിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.45 ആര്യാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.12704/ഡി.ഡി 2/2012/തസ്വഭവ) തീയതി 20.03.2012

അന്ധതാ നിവാരണ പദ്ധതി നടപ്പാക്കിയതിൽ ഉള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സം നീക്കുന്നതിന് 1997–98 വർഷത്തെ പദ്ധതി പ്രകാരം 98–99 –ൽ തുക ചെലവിട്ട നടപടി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.46 കഠിനംകുളം ഗ്രാമപഞ്ചായത്ത് – മെമ്പർക്ക് ചികിത്സാ ധനസഹായം സംബന്ധിച്ച് (ഫയൽ നം.14636/ഇ.എം.2/2011/തസ്വഭവ) തീയതി 20.03.2012

പഞ്ചായത്ത് അംഗത്തിന്റെ വൃക്കരോഗ ചികിത്സക്കായി തനതുഫണ്ടിൽ നിന്നും 5 ലക്ഷം രൂപ നൽകുന്നതിന് അനുമതി നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്കായി ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.47 ആളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.15219/ഡി.എ2/2012/തസ്വഭവ) തീയതി 20.03.2012

പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങൾക്ക് ആസ്തി വാങ്ങി നൽകുന്നതിന് വികസനഫണ്ട് ചെലവഴിക്കാനാകില്ല. ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ പ്രത്യേക അനുമതിയോടെ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

3.48 താന്ന്യം ഗ്രാമപഞ്ചായത്ത് (ഫയൽ നം.14637/ഡി.എ2/2012/തസ്വഭവ) തീയതി 20.03.2012

കാലിത്തീറ്റ വിതരണ പദ്ധതി ഡിപ്പാർട്ട്മെന്റ് സ്കീം അനുസരിച്ച് നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.49 പുളിക്കൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം.8418/ഡി.എ2/2012/തസ്വഭവ) തീയതി 20.03.2012

പഠന മികവ് പുലർത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയത് സാധൂകരിച്ച് അനുമതി നൽകുന്നു.

3.50 സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (ഫയൽ നം.15776/ഡി.എ1/2012/തസ്വഭവ) തീയതി 20.03.2012

പി.പി.പി. പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിനായി അക്രഡിറ്റേഷൻ നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.51 ജൻ ശിക്ഷൺ സൻസ്ഥാൻ, മലപ്പുറം (ഫയൽ നം.12846/ ഐ.ബി.2/2012/തസ്വഭവ) തീയതി 20.03.2012

അക്രഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച മാനദണ്ഡം തയ്യാറാക്കുന്ന മുറക്ക് പരിഗണിക്കുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.52 കടപ്പുറം ഗ്രാമപഞ്ചായത്ത് (ഫയൽ നം.15739/ ഡി.ബി.2/2012/തസ്വഭവ) തീയതി 20.03.2012

അഞ്ച് അംഗൻവാടികൾ നിർമ്മിക്കുന്ന പദ്ധതിക്ക് അനുമതി നൽകുന്നു. 2005-ൽ ആരംഭിച്ച പണി ഇത്രയും വൈകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.53 കോട്ടയ്ക്കൽ നഗരസഭ (ഫയൽ നം.16045/ഡി.സി3/2012/തസ്വഭവ) തീയതി 20.03.2012

തയ്യാറാക്കിയ പദ്ധതികൾ ഡി.പി.സിയിൽ സമർപ്പിച്ചാതയി കാണുന്നില്ല. ഡി.പി.സി.യിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. നഗരസഭാ പ്രദേശത്ത് തെരുവുവിളക്കുകൾക്കായി ലൈൻ വലിക്കുന്ന പദ്ധതി എസ്.സി.പി.യിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.54 കണ്ണൂർ നഗരസഭ (ഫയൽ നം.12647/ഡി.സി3/2012/തസ്വഭവ) തീയതി 20.03.2012

2010-ലെ പുതുക്കുന്നതിനു മുൻപുള്ള SOR അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ സെൻട്രൽ മാർക്കറ്റ് പുതുക്കിപ്പണിയുന്നതിന് നെഗോഷ്യേറ്റ് ചെയ്ത് നിശ്ചയിച്ച് 34% അധികരിച്ച നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.55 തിരുവനന്തപുരം നഗരസഭ (ഫയൽ നം.13918/ഡി.എ3/2012/തസ്വഭവ) തീയതി 20.03.2012

കാലിത്തീറ്റ വിതരണ പദ്ധതിക്കായി വികസന ഫണ്ട് മുൻകൂറായി ഒടുക്കുന്നതിന് അനുമതി നൽകുന്നില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.56 അയർക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം.14599/ഡി.ബി.1/2012/തസ്വഭവ)

തീയതി 20.03.2012

ഇ.എം.എസ് ഭവന പദ്ധതിയിൽ 2010-11 വർഷം വികസനഫണ്ടിൽ വക കൊള്ളിച്ചിരുന്ന 22,88,149/- രൂപ ക്കു പകരം 49,50,698/- രൂപ സ്പിൽഓവർ പദ്ധതിയായി അംഗീകാരം വാങ്ങാതെ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകുന്നതിനും വിശദീകരണം തേടുന്നതിനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.57 കരുണപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം.15403/ഡി.എ2/2012/തസ്വഭവ)

തീയതി 20.03.2012

സ്ത്രീകൾക്ക് സ്വയംതൊഴിൽ പദ്ധതിക്കായി (സാനിട്ടറി ഇൻസ്പെക്ടർ ഒരു ഗുണഭോക്താവിന് @50,000/- രൂപ, ഡി.റ്റി.പി കോഴ്സ് @30,000/-രൂപ) തയ്യാറാക്കിയ പദ്ധതിക്ക് യൂണിറ്റ് കോസ്റ്റ് വളരെ കൂടുതലായതിനാൽ അനുമതി നിഷേധിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.58 റാന്നി. റാന്നി-പഴവങ്ങാടി റാന്നി - അങ്ങാടി ഗ്രാമപഞ്ചായത്തുകൾ (ഫയൽ നം.1308/എഫ്.എം.2/2012/തസ്വഭവ) തീയതി 20.03.2012

സ്വകാര്യ വ്യക്തിയുടെ നീന്തൽകുളത്തിൽ പരിശീലനം നൽകുന്നതിന് തയ്യാറാക്കിയ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് പെർഫോർമൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ചുമതലപ്പെടുത്തുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.59 മംഗൽപാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.15544/ഡി.ബി.3/2012/തസ്വഭവ)

തീയതി 20.03.2012

പുതുതായി വാങ്ങുന്ന ട്രാക്ടർ ഒരു മണിക്കൂർ സമയം മാലിന്യം നീക്കം ചെയ്യുന്നതിനും ബാക്കി സമയം കാർഷിക ആവശ്യങ്ങൾക്കു മാത്രമായി ഉപയോഗിക്കുകയും ചെയ്യും എന്നുള്ള പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ട്രാക്ടർ വാങ്ങുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.60 ചാലക്കുടി നഗരസഭ - ടൗൺ ഹാൾ നിർമ്മാണം

(ഫയൽ നം.8272/ഡി.സി.2/2012/തസ്വഭവ) തീയതി 20.03.2012

ടൗൺ ഹാൾ നിർമ്മാണം സംബന്ധിച്ച് വകുപ്പുതല പരിശോധന നടത്തി അനുമതി നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.61 മഞ്ചേരി നഗരസഭ (ഫയൽ നം.10129/ഡി.സി.3/2012/തസ്വഭവ) തീയതി 20.03.2012

തെരുവുവിളക്ക് കത്തിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടിയിൽ ഉണ്ടായിട്ടുള്ള ഓഡിറ്റ് തടസം നീക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്.

3.62 ഏറിയാട് ഗ്രാമപഞ്ചായത്ത് – എസ്.സി. ഭവന സമുച്ചയം അനുമതി സംബന്ധിച്ച് (ഫയൽ നം.12119/ഡി.എ2/2012/തസ്വഭവ) തീയതി 20.03.2012

വാസഗൃഹമായി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപയിൽ കവിയരുതെന്നും അടുത്ത 12 വർഷത്തേയ്ക്ക് കൈമാറ്റം പാടില്ല എന്ന നിബന്ധന അംഗീകരിക്കണം എന്നുമുള്ള വ്യവസ്ഥയിൽ പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.63 മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.15002/എഫ്.എം.1/2012/തസ്വഭവ) തീയതി 20.03.2012

മുദ്ര എന്ന ചാരിറ്റബിൾ സൊസൈറ്റിക്ക് നൽകിയ തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ തിരികെ ഗവൺമെന്റിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.64 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം.3437/ഡി.ബി2/2012/തസ്വഭവ) തീയതി 20.03.2012

ഗവൺമെന്റ് എച്ച്. എസ്.എസ്–ന് പുതിയ സ്ക്കൂൾ ബസ് വാങ്ങുന്നതിനുള്ള പദ്ധതി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.65 മരുതോങ്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം.16474/ഡി.ബി.1/2012/തസ്വഭവ) തീയതി 20.03.2012

01.04.2007–ന് മുൻപ് ഭവന നിർമ്മാണ പദ്ധതിക്കായി ആനുകൂല്യം കൈപ്പറ്റി പൂർത്തിയാക്കാത്തവർക്ക് വീണ്ടും പുതിയ നിരക്കിൽ സബ്സിഡി നൽകുന്നതു സംബന്ധിച്ച് എസ്.സി/എസ്.റ്റി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിച്ച് തീരുമാനിക്കുന്നതിന് നിശ്ചിയിച്ച്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.66 നീലേശ്വരം നഗരസഭ (ഫയൽ നം.10003/ഐ.എ/2012/തസ്വഭവ) തീയതി 20.03.2012

ബഡ്സ് സ്ക്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക പാക്കേജിൽപ്പെടുത്തി വികസനഫണ്ടിൽ നിന്നും തുക അനുവദിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.67 തലക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.15926/എഫ്.എം.1/2012/തസ്വഭവ) തീയതി 20.03.2012

റെയിൽവേ ഗേറ്റിന്റെ മെയിന്റനൻസ് ചാർജ്ജ് 3 ലക്ഷം രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒടുക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.68 കോഴിക്കോട് കോർപ്പറേഷൻ – ചേരിയിലുള്ള കുട്ടികൾക്ക് എൻട്രൻസ് പരിശീലനം പ്രത്യേകാനുമതി (ഫയൽ നം.61631/ഡി.എ3/2011/തസ്വഭവ) തീയതി 20.03.2012

എഞ്ചിനീയറിഗ്/മെഡിക്കൽ പ്രവേശന പരീക്ഷകൾക്ക് ചേരിപ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് കോച്ചിംഗ് ലഭ്യമാക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നു. കോച്ചിംഗ് സെന്റർ തെരഞ്ഞെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.69 വടകര മുനിസിപ്പാലിറ്റി (ഫയൽ നം.65801/ഡി.ബി.1/09/തസ്വഭവ) തീയതി 20.03.2012

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് 1998–99 വർഷം 10 ലക്ഷം രൂപ ചെലവിൽ പദ്ധതി നടപ്പാക്കി നൽകിയതിലുള്ള ഓഡിറ്റ് തടസ്സം നീക്കുന്നതിന് തുക ചെലവിട്ട നടപടി സാധൂകരിച്ച് നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.70 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം.15102/ഡി.ബി.1/12/തസ്വഭവ) തീയതി 20.03.2012

'കാട വളർത്തൽ' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാടകോഴി 'ജാപ്പനീസ് ക്വയിൽ' വിഭാഗത്തിൽപ്പെടുന്നതാണെന്നുറപ്പാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.71 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.14707/ഡി.ബി.1/12/തസ്വഭവ)

'ഗോത്രവെളിച്ചം' പദ്ധതി സംബന്ധിച്ച് വകുപ്പുതലത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമായ ശേഷം പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.72 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.15443/ഡി.എ2/12/തസ്വഭവ)

തീയതി 20.03.2012

ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് അനുവാദം നൽകുന്നതിന് ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.73 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം.13616/ഡി.ബി.1/12/തസ്വഭവ)

തീയതി 20.03.2012

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

അജണ്ടയ്ക്കു പുറമേ

3.74 മലപ്പുറം അംഗനവാടി ഫർണിച്ചർ കാഡ്കോയിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുന്നു.

3.75 വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും പണി ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾക്ക് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിച്ച് പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും പൊതുവായി അനുമതി നൽകുന്നു.

3.76 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരുവുവിളക്കുകളുടെ പരിപാലനം (റിപ്പയർ, മെയിന്റനൻസ്) നടപ്പിലാക്കുന്നത് സംബന്ധിച്ച് ടെണ്ടറിംഗ് സംവിധാനം വഴി കെ.എസ്.ഇ.ബി. ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക് നൽകാവുന്നതാണ് എന്ന ഭേദഗതി വരുത്തി കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള ഏജൻസികൾക്ക് നൽകാവുന്നതാണ് എന്ന് തീരുമാനിച്ചു. ഇതു സംബന്ധമായി പുറപ്പെടുവിച്ച സർക്കുലറിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.

യോഗം രാവിലെ 10.00-ന് അവസാനിച്ചു.

തിരുവനന്തപുരം
21.03.2012

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്